"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: എൻ.പ്രശാന്ത്. ഐ.എ.എസ്.)

വിസി/16733/12

തൈക്കാട് തിരുവനന്തപുരം-14,
തീയതി:01/06/2013

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി - ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

പരാമർശം: 1. 03.10.12 ലെ വി.സി./16733/12(1) നമ്പർ ഉത്തരവ്.
2. ശ്രീ.ഇ.സലിമുദ്ദീൻ, സീനിയർ സൂപ്രണ്ട്, ശ്രീ.ജി.എസ്.സുനിൽ യു.ഡി.ക്ലാർക്ക് എന്നിവരുടെ യഥാക്രമം 30.11.12, 26.11.12 തീയതികളിലെ അപേക്ഷകൾ.
3. 03.04.13, 22.04.13, 28.05.13 എന്നീ തീയതികളിലെ 6365/സി4/13/തൊഴിൽ നമ്പർ കത്ത്.

------------

പരാമർശം ഒന്നു പ്രകാരം ട്രെയിനിംഗ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സീനിയർ സൂപ്രണ്ട് ശ്രീ.ഇ.സലിമുദ്ദീൻ, യു.ഡി.ക്ലാർക്ക്, ശ്രീ.ജി.എസ്.സുനിൽ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി നൽകിയ ഉത്തരവിൽ മേലിൽ ടി ജീവനക്കാരെ ഡയറക്ടറേറ്റിൽ നിയമിക്കില്ല എന്ന നിബന്ധനയോടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവായിരുന്നു.

ഉത്തരവിലെ 'മേലിൽ ഡയറക്ടറേറ്റിൽ നിയമിക്കില്ല' എന്ന പരാമർശം ഒഴിവാക്കണമെന്ന് കാണിച്ച് ടി ജീവനക്കാർ സർക്കാരിലേക്ക് അപേക്ഷ നൽകുകയും ടി അപേക്ഷ പരിഗണിച്ച് സർക്കാർ സൂചന കത്തുകളുടെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ച് വിവരം അറിയിയ്ക്കാൻ നിർദ്ദേശിയ്ക്കുകയുമുണ്ടായി.

സർക്കാരിന്റെ നിർദ്ദേശ പ്രകാരം പരാമർശം (1) ലെ നടപടി ക്രമത്തിലെ 'മേലിൽ ഡയറക്ടറേറ്റിൽ നിയമിക്കില്ല' എന്ന പരാമർശം നീക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ട്രെയിനിംഗ് ഡയറക്ടർ

<u>സ്വീകർത്താവ്:</u>
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:-
അഡീഷണൽ ചീഫ് സെക്രട്ടറി
തൊഴിലും പുനരധിവാസവും (സി) വകുപ്പ്.

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്